**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2681** **04-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ നിയമപ്രകാരം ജപ്തി ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നിയമപ്രകാരം ജപ്തി നടപടികൾ നേരിടുന്ന വായ്പാ കാലാവധി കഴിയാത്ത വായ്പകളിൽ, വായ്പ കുടിശ്ശിക തുക മാത്രം അടച്ച് തീർക്കുന്ന പക്ഷം ബാങ്കിന്/സംഘത്തിന് ഉടമയുടെ അപേക്ഷ പരിഗണിച്ചുകൊണ്ട് ജപ്തി നടപടികൾ ഒഴിവാക്കാനോ പിൻവലിക്കാനോ കഴിയുമോ എന്നറിയിക്കാമോ; കഴിയുമെങ്കിൽ ഉടമ ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നറിയിക്കാമോ; | (എ) | സഹകരണ നിയമപ്രകാരം ജപ്തി നടപടികൾ നേരിടുന്ന വായ്പാ കാലാവധി കഴിയാത്ത വായ്പകളിൽ, വായ്പ കുടിശ്ശിക തുക മാത്രം അടച്ച് തീർക്കുന്ന പക്ഷം ബാങ്കിന്/സംഘത്തിന് ഉടമയുടെ അപേക്ഷയിൽ മാനുഷിക പരിഗണന നൽകി ജപ്തി നടപടികൾ താൽകാലികമായി നിർത്തിവയ്ക്കാവുന്നതാണ് .<br><br>ജപ്തി നടപടികൾ താത്കാലികമായി നിർത്തിവയ്ക്കുന്നതിനു ഉടമ സെയിൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | സഹകരണ നിയമ പ്രകാരം ജപ്തി ചെയ്തിട്ടുള്ള സ്ഥാവരവസ്തുക്കൾ സഹകരണ ബാങ്ക്/സംഘം തന്നെ പരസ്യ ലേലം വഴി കൈവശപ്പെടുത്തിയാൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് ലഭിക്കുമോ; എങ്കിൽ എത്ര ശതമാനമാണ് ഇളവ് ലഭിക്കുക എന്നറിയിക്കാമോ; | (ബി) | ഇളവു ലഭിക്കില്ല |
| (സി) | സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്ന് വായ്പ കുടിശ്ശിക വരുത്തി ജപ്തി നടപടികളിലൂടെ പണയ വസ്തുക്കൾ പരസ്യ ലേലം നടത്തിട്ടും വായ്പതുക പൂർണ്ണമായും ഈടാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ബാക്കിനിൽപ്പ് തുക ആരിൽ നിന്നും എങ്ങനെ ഈടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും ആയതിന്റെ നടപടികളും വിശദമാക്കാമോ; | (സി) | സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്ന് വായ്പ കുടിശ്ശിക വരുത്തി ജപ്തി നടപടികളിലൂടെ പണയ വസ്തുക്കൾ പരസ്യ ലേലം നടത്തിയിട്ടും വായ്പതുക പൂർണ്ണമായും ഈടാക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, കേരള സഹകരണനിയമം 1969, ചട്ടം 75(II) പ്രകാരം ബാക്കിനിൽപ്പ് തുക ഉടമയുടെ മറ്റു സ്ഥാവരവസ്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണ്.<br><br>സഹകരണ വകുപ്പിൽ നിന്നുള്ള ജപ്തി നടപടികൾക്ക് പുറമേ സിവിൽ കോടതി മുഖാന്തിരവും, റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും ബാക്കിനിൽപ്പ് തുക ഈടാക്കാവുന്നതാണ്. എന്നാൽ അപ്രകാരം വിധി നടത്തിപ്പിനായി കോടതിയെ സമീപിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പ് അധികാരികളിൽ നിന്നും (അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാർ) സഹകരണ നിയമത്തിലെ വകുപ്പ് 76(എ), ചട്ടം 72(2) പ്രകാരവും ഫോം 12 സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. |
| (ഡി) | സഹകരണ നിയമം അനുസരിച്ച് എക്സിക്യൂഷൻ നടപടികൾ നേരിടുന്ന സ്ഥാവരവസ്തുക്കളുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ആരിൽ നിന്നും നേടിയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത് എന്നറിയിക്കുമോ? | (ഡി) | സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പ കുടിശ്ശികയെ തുടർന്ന് ലേല നടപടികൾ സ്വീകരിക്കേണ്ടി വരുമ്പോൾ ലേല വസ്തുക്കളുടെ മൂല്യനിർണ്ണയം നടത്തുന്നതിനും, സർട്ടിഫിക്കറ്റ് നൽകുന്നതിനും ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ), ജോയിന്റ് ഡയറക്ടർ(ഓഡിറ്റ്), അസിസ്റ്റന്റ് രജിസ്ട്രാർ അല്ലെങ്കിൽ മൂല്യനിർണ്ണയം നടത്തേണ്ട സ്ഥലം പ്രവർത്തന പരിധിയായി വരുന്ന പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ വാല്യൂവേഷൻ ഓഫീസർ എന്നിവരുൾപ്പെട്ട സംയുക്ത സമിതിക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്. പ്രസ്തുത കമ്മിറ്റി നൽകുന്ന വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലേല നടപടികൾക്കായി സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് സ്വീകരിക്കാവുന്നതാണ്.<br><br>കൂടാതെ, റവന്യൂ അധികാരികളിൽ നിന്നും വാല്യൂവേഷൻ സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ